# പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട 12-07-2016 ൽ മറുപടിയ്ക്ക്

ചോദ്യം നമ്പർ : 127

## വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുടെ പ്രവർത്തന പുരോഗതി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. പാറക്കൽ അബ്ദുള്ള | : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| ശ്രീ. റ്റി.എ. അഹമ്മദ് കബീർ | : | ( തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പ് മന്ത്രി) |
| ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് | : | |
| ശ്രീ. മഞ്ഞളാംകുഴി അലി | : | |

| ചോദ്യം | മറുപടി |
|---|---|
| (എ) ഈ സർക്കാർ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുടെ കാര്യത്തിൽ എന്തെങ്കിലും നയവ്യതിയാനം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ അതു സംബന്ധിച്ച വിശദ വിവരം വെളിപ്പെടുത്താമോ ; | (എ) സംസ്ഥാനത്തിന്റെ താൽപ്പര്യം സംരക്ഷിക്കുന്ന വിധം ഇത്തരം കരാറുകൾ നടപ്പാക്കണമെന്നാണ് സർക്കാരിന്റെ നയം |
| (ബി) പദ്ധതിയുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ ഇക്കാലയളവിലേക്ക് നിശ്ചയിച്ചിട്ടുള്ള നിർമ്മാണ ലക്ഷ്യം നിറവേറ്റാനായിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ? | (ബി) പദ്ധതിയുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ട്.<br>ഒന്നാം ഘട്ടം പൂർത്തിയാകാൻ കരാർ പ്രകാരം കണക്കാക്കിയിട്ടുള്ള സമയം നാലു വർഷമാണ് (2019 ഡിസംബർ 4). കൺസഷൻ കരാറിലെ Schedule G പ്രകാരം 4 നാഴികക്കല്ലുകൾ (milestone) ആണ് നിർമ്മാണ പുരോഗതി വിലയിരുത്താനായി നിശ്ചയിച്ചിട്ടുള്ളത് (365 -ാം ദിവസം, 600-ാം ദിവസം, 900-ാം ദിവസം,1460-ാം ദിവസം). പ്രസ്തുത നാഴികക്കല്ലുകൾക്ക് അനുസൃതമായി പദ്ധതിയുടെ പുരോഗതി വിവിധ ഘട്ടങ്ങളിൽ സംസ്ഥാന സർക്കാർ വിലയിരുത്തുന്നതാണ്. എന്നാൽ ഇടക്കിടെ പദ്ധതിയുടെ പുരോഗതി വിലയിരുത്തുകയും നേരിടുന്ന പ്രശ്നങ്ങൾ വിശകലനം ചെയ്യുകയും ചെയ്യുന്നുണ്ട്.<br>നിലവിൽ മണ്ണു പരിശോധന, സർവ്വേ, ബ്രേക്ക് വാട്ടറിനെ ബന്ധിപ്പിക്കുന്ന റോഡിന്റെ നിർമ്മാണം, ഭാഗികമായുള്ള dredging & reclamation എന്നിവ പൂർത്തിയാക്കി. ബ്രേക്ക് വാട്ടറിന്റെ നിർമ്മാണം (150 മീറ്റർ പൂർത്തിയായി) പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ